ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്തു; രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

**Justice Sanjiv Khanna sworn in as 51st Chief Justice of India; President Droupadi Murmu administered the oath.**

2.) ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രചാരണം ഇന്ന് വൈകുന്നേരം അവസാനിക്കും.

**Campaigning for first phase of assembly elections in Jharkhand to end this evening.**

3.) കേരളത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ചേലക്കര നിയമസഭാ മണ്ഡലത്തിലും വയനാട് ലോക്സഭാ മണ്ഡലത്തിലും. പരസ്യപ്രചാരണം ഇന്ന് അവസാനിക്കും; പാലക്കാടും ചൂടേറിയ പ്രചാരണം.

**In Kerala, Campaigning for bye-elections in Chelakara assembly constituency and Wayanad Lok Sabha constituency to end today; Campaigning heat continues in Palakkad.**

4.) സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രി മൗലാന അബ്ദുൾ കലാം ആസാദിന്റെ സ്മരണയിൽ ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം.

**Country celebrate National Education Day today in memory of Maulana Abdul Kalam Azad, the first education minister of independent India.**

5.) **കേരള സ്കൂൾ കായികമേളയ്ക്ക് ഇന്ന് സമാപനം; സമാപന സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും ; ഓവറോൾ ചാമ്പ്യൻഷിപ്പ് ഉറപ്പിച്ച് തിരുവനന്തപുരം ജില്ല.**

**Kerala school sports fest to conclude today, with the Chief minister set to inaugurate the closing ceremony; Thiruvananthapuram district secured the overall championship.**

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 1

***CJI OATH ( INTRO )***

*ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.*

*( വോയിസ് )*

*ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ചീഫ് ജസ്റ്റിസ് പദവിയിൽ നിന്ന് വിരമിച്ചതിനെ തുടർന്നാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ചുമതലയേറ്റത്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.*

**&&&&&&&&&&&&&&&&&&&&&&**

# HEADLINE 2

**JHARKHAND ELECTION**

ഝാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രചാരണത്തിന് ചൂടേറി. ആദ്യ ഘട്ടത്തിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് നമോ ആപ്പ് വഴി ഝാർഖണ്ഡിലെ ബിജെപി പ്രവർത്തകരുമായി സംവദിക്കും. സംസ്ഥാനത്തെ 38 സീറ്റുകളിലേക്ക് ഈ മാസം 20-നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

**&&&&&&&&&&&&&&&&&&&&&**

**MAHARASHTRA ELECTIONS**

ഈ മാസം 20 ന് നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന മഹാരാഷ്ട്രയിലും പ്രചാരണം ശക്തമായി. കേന്ദ്രമന്ത്രിയും BJP നേതാവുമായ നിതിൻ ഗഡ്കരി ഇന്ന് നാഗ്പൂരിൽ റാലികളെ അഭിസംബോധന ചെയ്യും. മഹാരാഷ്ട്ര മുഖ്യമന്ത്രിയും ശിവസേന നേതാവുമായ ഏകനാഥ് ഷിൻഡെ, ഉപമുഖ്യമന്ത്രിയും ബിജെപി നേതാവുമായ ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രിയും എൻസിപി അധ്യക്ഷനുമായ അജിത് പവാർ തുടങ്ങിയവരും പ്രചാരണ രംഗത്തുണ്ട്. എൻസിപി (എസ്പി) വിഭാഗം അധ്യക്ഷൻ ശരദ് പവാർ, ശിവസേന (യുബിടി) നേതാക്കളായ ഉദ്ധവ് താക്കറെ തുടങ്ങിയവരും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. അതിനിടെ, പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ 22 നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള 28 വിമത സ്ഥാനാർത്ഥികളെ മഹാരാഷ്ട്ര കോൺഗ്രസ് സസ്പെൻഡ് ചെയ്തു.

**&&&&&&&&&&&&&&&&&&&&&**

# HEADLINE 3

**BY ELECTION KERALA**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം ഇന്ന് സമാപിക്കും. നാളെ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

**&&&&&&&&&&&&&&&&&&&&&**

***WYANAD ELECTION (INTRO)***

***പരസ്യപ്രചാരണം അവസാനിക്കാൻ മണിക്കൂറുകൾ ശേഷിക്കെ വയനാട്ടിൽ കൊട്ടിക്കലാശം ഗംഭീരമാക്കാനുള്ള ഒരുക്കത്തിലാണ് മൂന്ന് മുന്നണികളും.***

***വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.........***

***(വോയിസ്)***

&&&&&&&&&&&&&&&&&&&&&&

**PM- MAULANA**

മൗലാന അബ്ദുൾ കലാം ആസാദിന്റെ ജന്മ വാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ജ്ഞാനത്തിന്റെ ഉറവിടമായ അബ്ദുൾ കലാം ആസാദ് സ്വാതന്ത്ര്യ സമരത്തിൽ ഏറെ സംഭാവനകൾ നൽകിയ വ്യക്തിയാണെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. എഴുത്തുകാരൻ, ചിന്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ വികസിത ഇന്ത്യയെന്ന സ്വപ്നങ്ങളിലേക്ക് നയിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

# HEADLINE 4

**NATIONAL EDUCATION DAY**

ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബ്ദുൾ കലാം ആസാദിന്റെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത്. രാജ്യത്തിന്റെ ഭാവി രൂപീകരിക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാട്ടുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&

**PM-KRIPLANI**

ആചാര്യ ജെ ബി കൃപലാനിക്കും ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ ഏറെ സംഭാവനകൾ നൽകിയ വ്യക്തിയാണ് കൃപലാനിയെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

**&&&&&&&&&&&&&&&&&&&&&**

**JK-SEARCH OPERATION**

ജമ്മുകശ്മീരിൽ ഭീകരരുടെ ആക്രമണത്തിൽ സുരക്ഷാ ഉദ്യാഗസ്ഥൻ വീരമൃത്യു വരിച്ച പശ്ചാത്തലത്തിൽ കിഷ്ത്വാർ ജില്ലയിൽ തിരച്ചിൽ ശക്തമാക്കി. നാലു ദിവസമായി വനമേഖലയിൽ സുരക്ഷാ സേന പരിശോധന നടത്തുകയായിരുന്നു. ഇന്നലെയുണ്ടായ ഏറ്റുമുട്ടലിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസർ നായിബ് സുബേന്ദർ രാകേഷ് കുമാറാണ് കൊല്ലപ്പെട്ടത്. ഏറ്റുമുട്ടലിൽ മൂന്ന് സൈനികർക്ക് പരിക്കേറ്റിരുന്നു.

**&&&&&&&&&&&&&&&&&&&&&**

**DELHI POLLUTION**

ഡൽഹിയിൽ വായു മലിനീകരണം രൂക്ഷമായി തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച്, ദേശീയ തലസ്ഥാനത്ത് ഇന്ന് വായു ഗുണനിലവാര സൂചിക 346 രേഖപ്പെടുത്തി. അടുത്ത മൂന്ന് ദിവസങ്ങളിൽ ഡൽഹിയിൽ മൂടൽമഞ്ഞിനു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&**

***PM SWAMINARAYAN MANDIR(INTRO)***

*ഗുജറാത്തിലെ വടതാലിലുള്ള ശ്രീ സ്വാമിനാരായണ മന്ദിറിന്റെ 200-ാം വാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു. വാർഷിക വേളയിൽ 200 രൂപയുടെ വെള്ളി നാണയവും സ്റ്റാമ്പും പുറത്തിറക്കിയതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. സ്വാമി നാരായൺ 200 വർഷം മുമ്പ് സ്ഥാപിച്ച വടതാൽ മന്ദിറിൻറെ ആത്മീയത നിലനിർത്താൻ ജനങ്ങൾക്ക് സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.......)*

&&&&&&&&&&&&&&&&&&&&&&

# HEADLINE 5

**SCHOOL GAMES- END**

കേരള സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഇന്ന് സമാപനം. സമാപന സമ്മേളനം വൈകിട്ട് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കായികമേളയ്ക്ക് ഇന്ന് തിരശ്ശീല വീഴുമ്പോൾ തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻ പട്ടം ഉറപ്പിച്ചിരിക്കുകയാണ്. തൃശൂർ രണ്ടാമതും മലപ്പുറം മൂന്നാമതുമാണ്. അത്ലറ്റിക്സിൽ മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്.

&&&&&&&&&&&&&&&&&&&&&&

**SEAPLANE**

കേരളത്തിന്റെ ടൂറിസം വികസന സ്വപ്നങ്ങൾക്ക് പുതിയ പ്രതീക്ഷകൾ നൽകുന്ന സീപ്ലെയിനിന്റെ പരീക്ഷണ പറക്കൽ രാവിലെ കൊച്ചി ബോൾഗാട്ടി മറീനയിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്തു. ഇടുക്കി മാട്ടുപ്പെട്ടി ഡാമിലെ ജലാശയത്തിൽ ഇറങ്ങിയ സീപ്ലെയിനിന് മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

&&&&&&&&&&&&&&&&&&&&&&

## GEORGE KURIAN - CBC

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന, കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ-പ്രദർശന പരിപാടിക്ക് എറണാകുളത്ത് തുടക്കമായി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷന്റെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

**TRUMP - PUTIN - CALL US President-elect Donald Tr**

നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രെൻ

സംഘർഷത്തിന് പരിഹാരം കാണണമെന്ന് ട്രംപ് റഷ്യൻ പ്രസിഡന്റിനോട് അഭ്യർത്ഥിച്ചു. നേരത്തെ യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായും ട്രംപ് സംസാരിച്ചിരുന്നു. മേഖലയിൽ സമാധാനവും സുസ്ഥിരതയും ഉറപ്പാക്കാൻ പുതിയ യു.എസ് ഭരണകൂടവുമായി സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറാണെന്ന് യുക്രേനിയൻ പ്രസിഡന്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## ISRAEL-LEBANON ATTACK

ഹിസ്ബുള്ള നേതാവ് ഹസൻ നസ്രല്ലയുടെ മരണത്തിലേക്ക് നയിച്ച സൈനികനടപടിയും ലെബനനിലെ പേജർ സ്ഫോടനവും ഇസ്രായേൽ നടത്തിയതാണെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സമ്മതിച്ചതായി ഇസ്രായേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സെപ്റ്റംബറിൽ ആയിരക്കണക്കിന് പേജറുകളും വാക്കി-ടോക്കികളും ഒരേസമയം പൊട്ടിത്തെറിച്ച് 37 പേരാണ് മരിച്ചത്. ലെബനീസ് ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഏകദേശം 3,000 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

## IFFI- MURUGAN

55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലചിത്ര മേളയുടെ കർട്ടൺ റൈസർ പ്രസ് കോൺഫറൻസ് ന്യൂഡൽഹിയിൽ നടന്നു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ പങ്കെടുത്തു. വാർത്താവിതരണ പ്രക്ഷേപണ സെക്രട്ടറി സഞ്ജീവ് ജാജു, ഫെസ്റ്റിവൽ ഡയറക്ടർ ശേഖർ കപൂർ, അഡീഷണൽ സെക്രട്ടറി നീരജ് ശേഖർ എന്നിവരും സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&&&&

## SL-WEATHER

മോശം കാലവസ്ഥയെ തുടർന്ന് നാഗപട്ടണം മുതൽ കാംങ്കേസം തുറൈ വരെയുള്ള ഇന്ത്യ- ശ്രീലങ്ക ഫെറി സർവീസ് നിർത്തിവച്ചു. ഈ മാസം ഫെറി സർവീസ് ദുഷ്കരമായിരിക്കുമെന്ന് ഇൻഡ് - ശ്രീ ഫെറി സർവീസ് ഡയറക്ടർ ആകാശവാണി വാർത്തകളോട് പറഞ്ഞു. ദൈനംദിന സർവീസുകൾ ജനുവരിയിൽ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&&**